ഉത്തരം

(എ) മൂന്ന്.

(ബി) ഉണ്ട്.

(സി) ഇക്കാര്യത്തിൽ പട്ടികവർഗ്ഗ വികസന വകുപ്പ് ഡയറക്ടറിൽ നിന്നും ലഭിച്ച പ്രൊപ്പോസൽ സർക്കാരിന്റെ പരിഗണനയിലാണ്.

കേരള സംസ്ഥാന പിന്നോക്ക വിഭാഗ വികസന കോർപ്പറേഷന്റെ വെബ്സൈറ്റ്

149 [3850] *ശ്രീ. കെ. കെ. ജയചന്ദ്രൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക-പട്ടിക സമുദായക്ഷേമവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള സംസ്ഥാന പിന്നോക്ക വിഭാഗ വികസന കോർപ്പറേഷന് വെബ്സൈറ്റ് നിലവിലുണ്ടോ;

(ബി) എങ്കിൽ പ്രസ്തുത വെബ്സൈറ്റ് നിലവിൽ വന്നതെന്നാണെന്നും ഇത് ഡിസൈൻ ചെയ്തത് ഏത് സ്ഥാപനമാണ് എന്നും ഇതിനായി എത്ര തുക ചെലവഴിച്ചിട്ടുണ്ട് എന്നും വ്യക്തമാക്കാമോ;

(സി) പ്രസ്തുത സ്ഥാപനത്തിന്റെ പൂർണ്ണമായ മേൽവിലാസം ലഭ്യമാക്കുമോ;

(ഡി) വെബ്സൈറ്റ് ഡിസൈൻ ചെയ്യുന്നതിനായി പ്രസ്തുത സ്ഥാപനത്തെ തെരഞ്ഞെടുത്തതിനുള്ള മാനദണ്ഡം വ്യക്തമാക്കാമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) വെബ്സൈറ്റ് 2002 ഏപ്രിൽ 12-ന് നിലവിൽ വന്നു. വെബ്സൈറ്റ് ഡിസൈൻ ചെയ്തത് M/s Dot EXE Solutions എന്ന പ്രൊപ്രൈറ്ററി സ്ഥാപനമാണ്. ഇതിനായി മൊത്തം 13,000 രൂപ ചെലവഴിച്ചിട്ടുണ്ട്. കൂടാതെ തുടർന്നുള്ള മാറ്റങ്ങൾ അപ്ഡേറ്റ് ചെയ്യുന്നതിനും പുതിയ പദ്ധതികൾക്ക് പേജ് ക്രിയേഷൻ ചെയ്തതിനും, ഡൊമെയിൻ നെയിം പുതുക്കിയതിനും പേജുകളിൽ മാറ്റം വരുത്തിയതിനുമായി 11,790 രൂപയും ഇതുവരെ ചെലവായിട്ടുണ്ട്.

(സി) V. B. ശ്രീലാൽ പ്രൊപ്രൈറ്റർ Dot EXE Solutions സ്വാതി, ചാടിയറ ലെയിൻ, പൂജപ്പുര, തിരുവനന്തപുരം.

(ഡി) വെബ്സൈറ്റ് ഡിസൈൻ ചെയ്യുന്നതിനുവേണ്ടി ക്ഷണിച്ച ക്വട്ടേഷൻ പ്രകാരം Dot EXE Solutions എന്ന സ്ഥാപനമാണ് കുറഞ്ഞ തുക രേഖപ്പെടുത്തിയ ക്വട്ടേഷൻ സമർപ്പിച്ചത്. അതുകൊണ്ടാണ് വെബ്സൈറ്റ് ഡിസൈൻ ചെയ്യാൻ Dot EXE Solutions - നെ തെരഞ്ഞെടുത്തത്.

LIBRARY ARCHIVES Kerala Legislative Assembly